# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2287

08/07/2015-ൽ മറുപടിക്ക്

## മഴക്കാലപൂർവ്വ രോഗങ്ങൾ പ്രതിരോധിക്കാൻ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ.ഗുരുദാസൻ** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| എ) കൊല്ലം ജില്ലയിൽ മഴക്കാലപൂർവ്വ രോഗങ്ങളെ പ്രതിരോധിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) പകർച്ചവ്യാധികൾ മഴക്കാലത്തിന് മുൻപും മഴക്കാലത്തും അതിന് ശേഷവും ഏറിയും കുറഞ്ഞും കാണപ്പെടാറുണ്ട്. എന്നാൽ മേൽപ്പറഞ്ഞ സമയങ്ങളിൽ ഉണ്ടാകാൻ സാധ്യതയുള്ള രോഗങ്ങളെ പ്രതിരോധിക്കാൻ മഴക്കാല പൂർവ്വ ശുചീകരണം ഉൾപ്പെടെയുള്ള മുന്നൊരുക്കങ്ങൾ വ്യക്തമായ കർമ്മപദ്ധതിയുടെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിൽ നടത്തിയിട്ടുണ്ട്. ജില്ലാ തലം മുതൽ വാർഡുതലം വരെയുള്ള യോഗങ്ങൾ, പരിശീലനങ്ങൾ ആവശ്യമായ മരുന്ന്, ഉപകരണങ്ങൾ, കീടനാശിനികൾ, രോഗനിർണ്ണയ കിറ്റുകൾ തുടങ്ങിയവയുടെ സംഭരണം നടത്തിയിട്ടുണ്ട്. മാർച്ച് മാസം ആരോഗ്യ സന്ദേശയാത്ര നടത്തി ജനങ്ങളെ ബോധവൽക്കരിച്ചും, ഏപ്രിൽ മാസം ഡ്രൈ കണ്ടെയിനറും കീ കണ്ടെയിനറും ഇല്ലാതാക്കുന്ന ക്യാംപെയിൻ, മൂവ് ടു പ്ലാന്റേഷൻ ക്യാമ്പെയിൻ എന്നിവ നടത്തി കൊതുകിന്റെ ഉറവിടങ്ങൾ ഇല്ലാതാക്കി• മേയ് മാസം ജല ശുദ്ധീകരണ ക്യാമ്പെയിൻ നടത്തി ജലജന്യ |

രോഗങ്ങളെ പ്രതിരോധിച്ചു. മെയ് മാസം തന്നെ ക്ലീൻ ഓഫീസ് ക്ലീൻ പബ്ലിക് പ്ലേസ് ക്യാമ്പെയിൻ നടത്തി. സേഫ് കേരള ക്യാമ്പെയിൻ വഴി അന്യസംസ്ഥാന തൊഴിലാളി ക്യാംപ്, സ്കൂളുകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ പരിശോധിച്ച നടപടിയെടുത്തിട്ടുണ്ട്.

| | |
|---|---|
| ബി) മഴക്കാലപൂർവ്വ രോഗങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ | ബി) മഴക്കാല രോഗങ്ങളെ പ്രതിരോധിക്കുന്നതിനായി രോഗ സാധ്യത കൂടിയ സ്ഥലങ്ങൾ കണ്ടെത്തി അവിടെ പ്രത്യേകം കർമ്മ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി പ്രത്യേകിച്ച് ഗവേഷണമൊന്നും നടത്തിയിട്ടില്ല. |
| സി) ഇതിനായി എന്തെല്ലാം മുൻകരുതലുകൾ ഇവിടെ സ്വീകരിച്ചിട്ടുണ്ട്? | സി) ഡെങ്കിപ്പനി, മലമ്പനി തുടങ്ങിയ കൊതുക് ജന്യരോഗങ്ങൾ തടയുന്നതിനായി ഊർജ്ജിത കൊതുക് നശീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി ആഴ്ചയിലൊരിക്കൽ ഉറവിട നശീകരണത്തിനായി ഡ്രൈഡേ ആചരണം (വ്യാഴാഴ്ച സ്ഥാപനങ്ങളിലും, വെള്ളിയാഴ്ച സ്കൂളുകളിലും, ഞായറാഴ്ച വീടുകളിലും), ഫോഗിംഗ്, സ്പ്രേയിംഗ് എന്നീ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ ജല സ്രോതസ്സുകളിൽ കൂത്താടി ഭോജി മൽസ്യങ്ങളെ നിക്ഷേപിക്കുന്ന പ്രവർത്തനവും നടന്നു വരുന്നു.<br>ജലജന്യ രോഗങ്ങളുടെ നിയന്ത്രണത്തിനായി മഴക്കാല പൂർവ്വ ശുചീകരണം, ജല ശുദ്ധീകരണ ക്യാമ്പെയിനുകൾ, ക്ലോറിനേഷൻ തുടങ്ങിയവ നടത്തിയിട്ടുണ്ട്. സേഫ് കേരളയുടെ ഭാഗമായും അല്ലാതെയും ഹോട്ടലുകളിലും, റെസ്റ്റോറന്റുകളിലും, സ്കൂളുകളിലും പരിശോധന |

നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

വായുവിലൂടെ പകരുന്ന ഇൻഫ്ലുവൻസ, എച്ച്1 എൻ1 എന്നീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി ആവശ്യാനുസരണം പനി വാർഡുകൾ, പനി ക്ലിനിക്കുകൾ തുടങ്ങിയവ ആരംഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ ആശുപത്രികളിലും ആർ.ആർ.റ്റി പുന: സംഘടിപ്പിച്ചു. ആശുപത്രികളിൽ ഒസൽട്ടാമിവിർ മരുന്നിന്റെ ലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ട്. എല്ലാ പ്രധാന ആശുപത്രികളിലും (പ്രൈവറ്റ് ആശുപത്രികൾ ഉൾപ്പടെ) എച്ച്.1 എൻ1 ചികിൽസാ മാർഗ്ഗരേഖ വിതരണം ചെയ്തിട്ടുണ്ട്. വ്യാപകമായി ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നുമുണ്ട്.

സെക്ഷൻ ഓഫീസർ